## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2902** **15/02/2013 ൽ മറുപടിക്ക്**

## എസ്.എസ്.എ. പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ.എസ്.സലീഖ: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) പദ്ധതിയിൽ കേന്ദ്ര സർക്കാർ 2012-13 അധ്യയനവർഷം അനുവദിച്ചത് എത്ര കോടി രൂപ; ആയതിൽ 2013 ജനുവരി 31 വരെ ചെലവഴിച്ചത് എത്ര; ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് എത്ര കോടി രൂപ; ആയത് 2011-12 അധ്യയന വർഷത്തിൽ എപ്രകാരമായിരുന്നു; വിശദാംശം അറിയിക്കുമോ; | എ), ബി) & സി) | 2011-12 ൽ 476 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചുവെങ്കിലും 428.96 കോടി രൂപ മാത്രമേ ലഭിച്ചുള്ളൂ. 2011-12 ൽ 262.19 കോടി രൂപ ചെലവഴിച്ചു. ലാപ്സായത് 166.77 കോടി രൂപയാണ്. ഹെഡ് ടീച്ചേഴ്സിനേയും പാർട്ട്ടൈം ടീച്ചേഴ്സിനേയും നിയമിക്കാത്തതുകൊണ്ട് 156 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 2012-13 അധ്യയനവർഷം കേന്ദ്രസർക്കാർ അനുവദിച്ച തുക 523 കോടി രൂപയാണ് അതിൽ 300 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്. 2012-13 ൽ 31.01.2013 വരെ 262.09 കോടി രൂപ ചെലവഴിച്ചു. 2012-13 ലെ വരവ് ചെലവ് കണക്കുകൾ മാർച്ച് 31ന് മാത്രമേ പൂർത്തിയാകുകയുള്ളൂ. ആയതിനാൽ 2012-13ൽ തുക ലാപ്സായതിന്റെ കണക്കുകൾ ഇപ്പോൾ ലഭ്യമാക്കാൻ നിർവ്വാഹമില്ല. |
| ബി) ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എസ്.എസ്.എ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച എത്ര കോടി രൂപ സംസ്ഥാനം ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയെന്ന് വിശദമാക്കുമോ; | | |
| സി) ഇപ്രകാരം തുക നഷ്ടപ്പെടുത്തിയതുവഴി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും മുഴുവൻ വിദ്യാലയങ്ങളിലെയും എട്ടാം ക്ലാസു വരെയുള്ള പഠനനിലവാരം ഉയർത്താനുമായി നടപ്പാക്കിയിരുന്ന പദ്ധതിയാണ് വഴിമുട്ടിയത് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| ഡി) | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിവിധ സഹായ ഉപകരണങ്ങൾ വാങ്ങുന്നതിന്റെ മറവിൽ എസ്.എസ്.എ.യിൽ വൻ അഴിമതിക്ക് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ സഹായഉപകരണങ്ങൾ വാങ്ങുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ; | ഇ) | കണ്ണട, ശ്രവണ സഹായി, അസ്ഥി വൈകല്യമുള്ളവർക്കുള്ള വീൽചെയർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി 14 ജില്ലകൾക്കായി ജില്ലാപ്ലാനിൽ 3,28,19,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| എഫ്) | പ്രസ്തുത പദ്ധതി പ്രകാരം ഏത് സ്ഥാപനത്തിൽ നിന്നുമാണ് സഹായ ഉപകരണങ്ങൾ വാങ്ങാൻ കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശം; അല്ലാത്ത പക്ഷം വേറെ എന്ത് നിർദ്ദേശമാണ് കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | എഫ്) | ALIMCO എന്ന കമ്പനിയിൽ നിന്ന് ഉപകരണങ്ങൾ വാങ്ങാനാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം. |
| ജി) | പ്രസ്തുത നിർദ്ദേശങ്ങളെല്ലാം കണക്കിലെടുക്കാതെ ചില സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വൻതോതിൽ സഹായഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യാനാണ് എസ്.എസ്.എ തീരുമാനിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ജി) | സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് 2012-13 വർഷം ഉപകരണങ്ങൾ വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ